## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33** — **05.06.2018-ൽ മറുപടിക്ക്**

## വിനോദസഞ്ചാരമേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ

ചോദ്യം

ശ്രീ. കെ.എസ്. ശബരീനാഥൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. വി.ടി. ബൽറാം
ശ്രീ. വി. എസ്. ശിവകുമാർ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി)

എ) കോവളത്ത് വിദേശ വനിത കൊലചെയ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിനോദ സഞ്ചാരികൾക്ക് കൂടുതൽ സുരക്ഷാസംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

എ) ഉണ്ട്. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ ഉണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത യോഗം 10.5.2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും, ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾക്കായി 18.05.2018 ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എല്ലാം ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള

സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിന്റെ നിലവിലുള്ള ശക്തി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖാന്തിരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ

നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കാൻ കഴിയുമോ എന്ന് പരിശോധിക്കും.

അപകട സാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി സംവിധാനം, നടപ്പാതകൾ, മെച്ചപ്പെട്ട പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തി വരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് നേരെയുള്ള മോശപ്പെട്ട പെരുമാറ്റവും അവർ അക്രമിക്കപ്പെടുന്നതും ഒഴിവാക്കി കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ വഴി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) സംസ്ഥാനത്ത് വിനോദ സഞ്ചാരവകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഹോംസ്റ്റേകൾ പ്രവർത്തിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പ് നൽകുന്ന ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ഒരു ലൈസൻസിന്റെ പരിധിയിൽ വരാത്തതിനാൽ വകുപ്പിന് അനധികൃത ഹോംസ്റ്റേകൾക്കെതിരെ നേരിട്ട് |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ പ്രസ്തുത ഹോം സ്റ്റേകൾക്കെതിരെ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. വിവിധ കാരണങ്ങൾ കൊണ്ട് നിലവിലെ ഹോംസ്റ്റേ നടത്തിപ്പിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേക്ക് വിനോദ സഞ്ചാര മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ചുമതലയുള്ള ടൂറിസം പോലീസിനെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; അവർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ടോയെന്ന് വിശദമാക്കാമോ; | സി) | ടൂറിസം പോലീസ് സംവിധാനം നടപ്പിലാക്കി ആവിഷ്കരിച്ച ആദ്യ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. G.O.(Ms) 3/99/Home dated 9.1.1997 പ്രകാരം പോലീസ് വകുപ്പിലെ ഒരു പ്രത്യേക വിഭാഗമായിട്ടാണ് ടൂറിസം പോലീസ് പ്രവർത്തിക്കുന്നത്. ഈ വിംഗിൽ പ്രധാനമായും സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, സിവിൽ പോലീസ് ഓഫീസർമാർ, വനിതാ പോലീസ് ഓഫീസർമാർ എന്നിവരുടെ സേവനമാണ് ഉറപ്പ് വരുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം ടൂറിസം പോലീസ് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നുമാണ്. ഭാഷാ നൈപുണ്യവും അധിക യോഗ്യതയും കാര്യശേഷി പാടവമുള്ള പോലീസുകാരെയാണ് ടൂറിസം പോലീസായി നിയോഗിക്കുക. ഇവർക്ക് ആവശ്യമുള്ള ഇൻഡക്ഷൻ ട്രെയിനിംഗ്, ഭാഷാ പരിശീലന ക്ലാസുകൾ, അവബോധ ക്ലാസുകൾ, ഇതര ട്രെയിനിംഗുകൾ എന്നിവ ടൂറിസം വകുപ്പ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് മുഖാന്തിരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ടൂറിസം പോലീസിന്റെ സേവനം കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. കോവളത്ത് വിദേശ വനിത മരണപ്പെട്ട സാഹചര്യത്തിൽ ടൂറിസം സീസണിൽ ടൂറിസം പോലീസിനെ സഹായിക്കാൻ |

| | |
|---|---|
| | വിവിധയിടങ്ങളിൽ 20 സായുധ ബറ്റാലിയൻ ഉദ്യോഗസ്ഥരെക്കൂടി നിയോഗിക്കുവാനും, കൂടുതൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരെ വിവിധ വിനോദസഞ്ചാര മേഖലകളിലെ പോലീസ് സ്റ്റേഷനുകളിൽ കൂട്ടി ചേർക്കുവാനും അവരെ ടൂറിസം പോലീസായി ഉപയോഗപ്പെടുത്തുന്നതിനും വേണ്ട നടപടി പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നു. |
| ഡി) വിനോദ സഞ്ചാരമേഖലകളിൽ തദ്ദേശീയരായ ആളുകളെ അർഹതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ട്രാഫിക് വാർഡന്മാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ഡി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷയുമായി ബന്ധപ്പെട്ട് 10.5.2018-ൽ വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും പോലീസ് വകുപ്പിലെ സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പങ്കെടുത്ത മീറ്റിംഗിൽ ടൂറിസം വാർഡൻമാരെ നിയമിക്കുന്നതിനുള്ള കാര്യങ്ങൾ പരിഗണിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ